**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411** **20-07-2022 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലി അവസാനിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യപരമായ തൊഴിൽ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിനായി നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ച കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്; 30.04.2018-ലെ സ.ഉ.(സാധാ) നം.511/2018/തൊഴിൽ പ്രകാരം സംസ്ഥാന സർക്കാർ നോക്കുകൂലി നിരോധിച്ചിട്ടുണ്ട്. |
| (ബി) | നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചെങ്കിലും നോക്കുകൂലി ആവശ്യപ്പെടുന്നതായ പരാതികൾ ഉയരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് നേരിട്ടെത്തി നടപടികൾ സ്വീകരിച്ച് അധികമായോ അനർഹമായോ വാങ്ങിയ തുക തിരികെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും, ഗുരുതരമായ ക്രമ ക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ, തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (സി) | എങ്കിൽ ഇപ്രകാരം നോക്കുകൂലി ആവശ്യപ്പെടുന്നവർ ക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്ത് നേരിട്ടെത്തി നടപടികൾ സ്വീകരിച്ച് അധികമായോ അനർഹമായോ വാങ്ങിയ തുക തിരികെ കൊടുക്കുന്നതിന് നടപടി സ്വീകരിക്കുകയും, ഗുരുതരമായ ക്രമ ക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ |

| | | | |
|---|---|---|---|
| | | | കേരള ചുമട്ടു തൊഴിലാളി ചട്ടം 26 എ(4)-ൽ അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ, തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ